പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :1994 08.03.2018 ലെ മറുപടിക്ക്

**സർക്കാർ സംവിധാനം വഴി തൊണ്ട് ശേഖരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) സർക്കാർ സംവിധാനം വഴി തൊണ്ട് ശേഖരിക്കാറുണ്ടോ; എങ്കിൽ ഈ സർക്കാർ നാളിതുവരെ എത്ര തൊണ്ട് ഇപ്രകാരം ശേഖരിച്ചുവെന്ന് വിശദമാക്കുമോ; | എ) ഉണ്ട്. സംഘങ്ങൾ, സ്വകാര്യ സംരംഭകർ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവർ വഴി ഈ സർക്കാർ നാളിതുവരെ. 82791277 തൊണ്ട് സംഭരിച്ചിട്ടുണ്ട്. |
| ബി) ഈ പദ്ധതി നടപ്പിലാക്കിയത് എങ്ങനെയാണെന്ന് വിശദീകരിക്കുമോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) കയർ വ്യവസായ സഹകരണ സംഘങ്ങൾ, നാളികേര കർഷകരിൽ നിന്നും പ്രാദേശിക തൊണ്ട് ഡീലർമാർ മുഖേനയും തൊഴിലാളികൾ മുഖേനയും തൊണ്ട് സംഭരിക്കുകയും ആയതിന് "തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും" പദ്ധതിയിൽ നിന്ന് ഇൻസെന്റീവ് നൽകുകയും ചെയ്യുന്നു. പച്ചത്തൊണ്ടിന് 25 പൈസയും, ഉണക്കത്തൊണ്ടിന് 20 പൈസയും ഇൻസെന്റീവായി നൽകുന്നു. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനും നാളികേര തൊണ്ട് സംഭരണം നടപ്പാക്കുന്നതിനുമായി കൊണ്ടു വന്നതാണ് ഈ പദ്ധതി. ഇതുവഴി ചകിരി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനും കയർ ഉൽപ്പാദന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനും കഴിയുന്നു. കൂടാതെ മിനി ഡി.എഫ്.മില്ലുകൾക്ക് തൊണ്ട് ശേഖരിച്ച് നൽകുന്ന തൊഴിലാളികൾക്ക് ദിനബത്ത, ട്രാൻസ്പോർട്ടേഷൻ സബ്സിഡി, തൊണ്ട് സംഭരിച്ച് ഡീഫൈബറിംഗ് യൂണിറ്റുകൾ വഴി ചകിരി ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ചകിരി സബ്സിഡി, തൊണ്ട് ശേഖരിക്കുന്നതിന് സംഘങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപ വരെ പ്രവർത്തന മൂലധനം തുടങ്ങി വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു. |
| സി) നടപ്പിലാക്കിയതുമുതൽ നാളിതുവരെ ഈ പദ്ധതി വിജയകരമാണെന്ന് കരുതുന്നുണ്ടോ; | സി) വലിയൊരു അളവ് വരെ വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ശേഖരിക്കുന്ന തൊണ്ടിന് സംഘങ്ങൾക്ക് ഇൻസെന്റീവ്, ചകിരി സബ്സിഡി എന്നിവ ലഭിക്കുന്നതിനാൽ |

| | |
|---|---|
| ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; വിജയകരമാണെങ്കിൽ ആയതിന്റെ സാഹചര്യം വ്യക്തമാക്കുമോ? | ഉൽപ്പാദക സംഘങ്ങളുടെ നഷ്ടം കുറയ്ക്കുന്നതിനും, കയർ പിരി മേഖലയിലെ സംഘങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ചകിരി ലഭിക്കുന്നതിനാൽ അവരുടെ നഷ്ടം കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായകരമാകുന്നു. എന്നാൽ നിലവിലുള്ള ഡീ-ഫൈബറിംഗ് മെഷീനുകൾ പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകുമ്പോഴേ ഉദ്ദേശിച്ച രീതിയിൽ പദ്ധതി വിജയകരമാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ